കേരളകൗമുദി 10

കരിയർ

2011 മാർച്ച് 11 വെള്ളി

ന്യൂ ഇന്ത്യ അഷ്വറൻസിൽ 379 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

മുംബെയിലെ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സ്കെയിൽ-1) പ്രൊബേഷനറി തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. വിവിധ വിഭാഗങ്ങളിലായി 379 ഒഴിവുകളാണുള്ളത്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 28.

ഗ്രൂപ്പ് എ – കോഡ് നമ്പർ 01 ഇൻഫർമേഷൻ ടെക്നോളജി – 40 ഒഴിവ്.

ഗ്രൂപ്പ് എ – 2 കോഡ് നമ്പർ 02 : ആക്ചറി – 25 ഒഴിവ്.

ഗ്രൂപ്പ് – എ 3 കോഡ് നമ്പർ 03:അക്കൗണ്ട്സ്/ സി. എ – 25 ഒഴിവ്.

ഗ്രൂപ്പ് ബി – കോഡ് നമ്പർ 04 : ജനറലിസ്റ്റ്സ് – 289 ഒഴിവ് എന്നിങ്ങനെയാണ് അവസരം. വികലാംഗർക്കായി മാറ്റിവച്ചിട്ടുള്ള നാലൊഴിവ് ഉൾപ്പെടെയാണിത്.

യോഗ്യത: ഗ്രൂപ്പ് എ, കോഡ് നം. 1 : കുറഞ്ഞത് 55% മാർക്കോടെ എം. ഇ./ എം.ടെക് (ഐ.ടി/ കംപ്യൂട്ടർ സയൻസ്)/ എം.സി. എ/ എം. ഐ.ടി/ എം.സി. എം. അല്ലെങ്കിൽ 60% മാർക്കോടെ ബി. ഇ/ ബി.ടെക് (ഐ.ടി/ കംപ്യൂട്ടർ സയൻസ്). പട്ടിക വിഭാഗക്കാർക്ക് 55% മാർക്കിളവുണ്ട്.

ഗ്രൂപ്പ് എ – 2, കോഡ് നം. 02. കുറഞ്ഞത് 60% മാർക്കോടെ ബിരുദം. അല്ലെങ്കിൽ 55% മാർക്കോടെ ബിരുദാനന്തര ബിരുദം. പട്ടിക വിഭാഗക്കാർക്ക് 5% മാർക്കിളവുണ്ട്. ആക്ചറി പരീക്ഷയിൽ കുറഞ്ഞത് അഞ്ചു പേപ്പറുകളെങ്കിലും ജയിക്കണം. അപേക്ഷകർ ആക്ചറിയൽ സൊസൈറ്റി ഒഫ് ഇന്ത്യ അംഗത്വമുള്ളവരാകണം.

ഗ്രൂപ്പ് എ – 3, കോഡ് നം. 03: കുറഞ്ഞത് 60% മാർക്കോടെ കൊമേഴ്സ് ബിരുദം. അല്ലെങ്കിൽ 55% മാർക്കോടെ കൊമേഴ്സ് ബിരുദാനന്തര ബിരുദം. പട്ടികവിഭാഗത്തിന് 5% മാർക്ക് ഇളവുണ്ട്.

അല്ലെങ്കിൽ സി.എ/ ഐ.സി.ഡബ്ളിയു.എ പരീക്ഷയിൽ ഫൈനൽ ജയം.

ഗ്രൂപ്പി ബി, കോഡ് നം. 04: 60% മാർക്കോടെ ബിരുദം അല്ലെങ്കിൽ 55% മാർക്കോടെ ബിരിുദാനന്തര ബിരുദം. പട്ടിക വിഭാഗക്കാർക്ക് 5% മാർക്കിളവുണ്ട്. അക്കൗണ്ട്സ്, നിയമം, എൻജിനിയറിംഗ് നോൺ ലൈഫ് ഇൻഷുറൻസ് യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും.

2011 ജനുവരി 31 അടിസ്ഥാനമാക്കിയാണ് യോഗ്യത കണക്കാക്കുക.

പ്രായം : 2011 ഫെബ്രുവരി ഒന്നിന് 21–30 വയസ്. പട്ടിക വിഭാഗങ്ങൾക്ക് അഞ്ചും വികലാംഗർക്ക് പത്തും വർഷം ഉയർന്ന പ്രായപരിധിയിൽ ഇളവു ലഭിക്കും. അർഹതയുള്ള മറ്റു വിഭാഗങ്ങൾവും നിയമാനുസൃതമായ ഇളവുകൾ ലഭിക്കും.

ശമ്പളം : 17240–32640 രൂപയും മറ്റ് അലവൻസുകളും.

അവസാന തീയതി മാർച്ച് 28
വെബ്സൈറ്റ്: www.newindia.co.in

അപേക്ഷാ ഫീസ് : 500 രൂപ. പട്ടിക വിഭാഗങ്ങൾക്കും വികലാംഗർക്കും 150 രൂപ മതി (രണ്ട് ഗ്രൂപ്പുകളിലേക്ക് അപേക്ഷിക്കുന്നവർക്ക് 700 രൂപ. പട്ടികവിഭാഗങ്ങൾക്കും വികലാംഗർക്കും 200 രൂപ). ഏതെങ്കിലും നാഷണലൈസ്ഡ് അല്ലെങ്കിൽ ഷെഡ്യൂൾഡ്ബാങ്കിൽ നിന്നും ദ ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന പേരിലെടുത്ത മുംബെയിൽ മാറാവുന്ന ക്രോസ് ചെയ്ത ആറു മാസത്തെ കാലാവധിയുള്ള ബാങ്ക് ഡ്രാഫ്റ്റായി വേണം ഫീസടയ്ക്കാൻ. ഡ്രാഫ്റ്റിനു പിന്നിൽ ഉദ്യോഗാർത്ഥിയുടെ പേരും വിലാസവും ഗ്രൂപ്പ്, കോഡ് നമ്പരുകളും രേഖപ്പെടുത്തണം. വെബ്സൈറ്റിൽ വിജ്ഞാപനം വന്നശേഷം മാത്രം ഡ്രാഫ്റ്റ് എടുക്കുക.

വെബ്സൈറ്റിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഫീസ് അടയ്ക്കുക.

തിരഞ്ഞെടുപ്പ്: രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന എഴുത്തുപരീക്ഷ, പേഴ്സണൽ ഇന്റർവ്യൂ എന്നിവ മുഖേനയാണ് തിരഞ്ഞെടുപ്പ്. മേയ് 22 നാണ് എഴുത്തുപരീക്ഷ. തിരുവനന്തപുരം (കോഡ്–25) സംസ്ഥാനത്തെ പരീക്ഷാ കേന്ദ്രമാണ്. ചെന്നൈ (08), കോയമ്പത്തൂർ (09), ബാംഗ്ലൂർ (03) എന്നിവയാണ് അയൽ സംസ്ഥാനങ്ങളിലെ പരീക്ഷാ കേന്ദ്രങ്ങൾ.

പരീക്ഷയുടെ സ്കീമും വിശദവിവരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിയമന തീയതി മുതൽ ഒരു വർഷത്തേക്ക് പ്രൊബേഷനിലായിരിക്കും. പ്രൊബേഷൻ കാലാവധി നീട്ടിയേക്കാം.

അപേക്ഷിക്കേണ്ട വിധം: www.newindia.co.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാ മാതൃക ലഭിക്കും. അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് NIACL Administrative Officer Post, അപേക്ഷിക്കുന്ന തസ്തികയുടെ ഗ്രൂപ്പ് കോഡും SC/ST/OBC/ECO/SSRCO/ PWD/GENERAL എന്നിവയും രേഖപ്പെടുത്തണം. പൂരിപ്പിച്ച അപേക്ഷ ഫീസ് അടച്ച ഡ്രാഫ്റ്റ് സഹിതം സാധാരണ തപാലിൽ വേണം അയയ്ക്കാൻ. സ്വന്തം വിലാസമെഴുതി (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ വ്യക്തമായി ടൈപ്പ് ചെയ്തോ, എഴുതിയോ) അഞ്ചു രൂപ സ്റ്റാമ്പ് ഒട്ടിച്ച 23 സെ.മീ x12 സെ.മീ വലിപ്പമുള്ള ഒരു കവറും അയയ്ക്കണം. ബന്ധപ്പെട്ട രേഖകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കിയാൽ മതി. ഇവയുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഔദ്യോഗിക വിജ്ഞാപനം പരിശോധിച്ച ശേഷം മാത്രം അപേക്ഷ അയയ്ക്കുക.

അപേക്ഷ അയയ്ക്കേണ്ട വിലാസം : POST BAG NO. 2281, CHANAKYAPURI, POST OFFICE, NEW DELHI - 110 021.

കൊച്ചിൻ ഷിപ്പ്യാർഡിൽ 42 ഒഴിവ്

വെബ്സൈറ്റ്: www.cochinshipyard.com

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിൽ പ്രോജക്ട് ഓഫീസർ, പ്രോജക്ട് അസിസ്റ്റന്റ് തസ്തികകളിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. പ്രോജക്ട് ഓഫീസർ (20 ഒഴിവ്), മെക്കാനിക്കൽ – 16 ഒഴിവ്. ഇലക്ട്രിക്കൽ – ഒരൊഴിവ്, ഇലക്ട്രോണിക്സ് – ഒരൊഴിവ്. യോഗ്യത : മെക്കാനിക്കൽ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് എൻജിനിയറിംഗിൽ 60% മാർക്കോടെ ബിരുദം. ഷിപ്പ്യാർഡ്/ മറൈൻ എൻജിനിയറിംഗിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/ ഹെവി എൻജിനിയറിംഗ് ഇൻഡസ്ട്രിയിൽ രണ്ടുവർഷത്തെ യോഗ്യതാനന്തര പ്രവൃത്തി പരിചയം/ ട്രെയിനിംഗ്.

ഇൻഫർമേഷൻ ടെക്നോളജി – രണ്ടൊഴിവ്.

യോഗ്യത: കംപ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജി/ കംപ്യൂട്ടർ ആപ്ളിക്കേഷനിൽ 60% മാർക്കോടെ എൻജിനിയറിംഗ് ബിരുദം. അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. ബന്ധപ്പെട്ട മേഖലയിൽ രണ്ടുവർഷത്തെ യോഗ്യതാനന്തര പ്രവൃത്തി പരിചയം. കാലാവധി : ഒരുവർഷം. (നീട്ടിക്കിട്ടിയേക്കാം).

പ്രായം : 2011 മാർച്ച് ഒന്നിന് 30 വയസ് കവിയരുത്. (പട്ടികവിഭാഗക്കാർക്ക് അഞ്ചും ഒ.ബി.സിക്കാർക്ക് മൂന്നും വർഷം ഇളവ്. മറ്റു സംവരണ വിഭാഗങ്ങൾക്ക് ചട്ടപ്രകാരം ഇളവ്)

ശമ്പളം : 22000. വാക്ക് ഇൻ ഇന്റർവ്യൂ മാർച്ച് 19, 20 തീയതികളിൽ രാവിലെ ഒൻപത് മുതൽ അഞ്ചു വരെ കൊച്ചിൻ ഷിപ്പ്യാർഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ.

പ്രോജക്ട് അസിസ്റ്റന്റ് (22 ഒഴിവ്). മെക്കാനിക്കൽ – ഒൻപതൊഴിവ്. ഇലക്ട്രിക്കൽ – രണ്ടൊഴിവ്. സിവിൽ – മൂന്നൊഴിവ്.

യോഗ്യത : മെക്കാനിക്കൽ/ ഇലക്ട്രിക്കൽ/ സിവിൽ എൻജിനിയറിംഗിൽ 60% മാർക്കോടെ മൂന്നുവർഷത്തെ ഡിപ്ളോമ. ഷിപ്പ്യാർഡ്/ മറൈൻ എൻജിനിയറിംഗ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/ ഹെവി എൻജിനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/ വലിയ കൊമേഴ്സ്യൽ സ്ഥാപനങ്ങളിൽ രണ്ടു വർഷത്തെ യോഗ്യതാനന്തര പ്രവൃത്തി പരിചയം/ ട്രെയിനിംഗ്.

കാലാവധി : ഒരുവർഷം (നീട്ടിക്കിട്ടിയേക്കാം).

പ്രായം : 2011 മാർച്ച് ഒന്നിന് 27 വയസ് കവിയരുത്. (പട്ടികവിഭാഗക്കാർക്ക് അഞ്ചും ഒ.ബി.സിക്കാർക്ക് മൂന്നും വർഷം ഇളവ്. മറ്റു സംവരണ വിഭാഗങ്ങൾക്ക് ചട്ടപ്രകാരം ഇളവ്). ശമ്പളം : 7750.

വാക്ക് ഇൻ ഇന്റർവ്യൂ മാർച്ച് 17, 18 തീയതികളിൽ രാവിലെ ഒൻപത് മുതൽ അഞ്ചു വരെ കൊച്ചിൻ ഷിപ്പ്യാർഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ. പാസ്പോർട്ട് ഫോട്ടോ പതിച്ച ആപ്ളിക്കേഷൻ കം എൻട്രി ഫോർമാറ്റ് (വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കണം). ബയോഡേറ്റ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് (ഡ്രൈവിംഗ് ലൈസൻസ്/ ഇലക്ഷൻ ഐഡി/ പാസ്പോർട്ട് മുതലായവ), പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ജാതി, വൈകല്യം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം ഇന്റർവ്യൂവിന് ഹാജരാകുക. വിശദമായ വിജ്ഞാപനം www.cochinshipyard.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എച്ച്.എൽ.എൽ ഗ്രാജുവേറ്റ് ട്രെയിനി

ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന്റെ പേരൂർക്കട ഫാക്ടറിയിൽ ഗ്രാജുവേറ്റ് ട്രെയിനികളുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : മാർച്ച് 16. ഗ്രാജുവേറ്റ് ട്രെയിനി (ഫിസിക്സ്/ കെമിസ്ട്രി/ മാത്തമാറ്റിക്സ്) (HLL/HR/01/2011).

യോഗ്യത : ഒന്നാം ക്ളാസോടെ ഫിസിക്സ്/ കെമിസ്ട്രി/ മാത്തമാറ്റിക്സിൽ ബിരുദം. 2006, 2006–07, 2007–08, 2008–09, 2009–10 വർഷങ്ങളിൽ ജയിച്ചവരാകണം. ഉയർന്ന യോഗ്യതയുള്ളവർ അപേക്ഷിക്കേണ്ടതില്ല. പ്രായം 18–30 വയസ്. 2011 ജനുവരി ഒന്ന് അടിസ്ഥാനമാക്കി കണക്കാക്കും.

സ്റ്റൈപ്പൻഡ്: ആദ്യവർഷം 4000. രണ്ടാംവർഷം 5000. മൂന്നാംവർഷം 6000.

അപേക്ഷിക്കേണ്ട വിധം: അപേക്ഷാ ഫോം മാതൃക www.lifecarehll.com എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷയോടൊപ്പം ബയോഡേറ്റ, പാസ്പോർട്ട് സൈസ് ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അയയ്ക്കണം. കവറിനു മുകളിൽ തസ്തികയുടെ പേരും കോഡും എഴുതണം.

വിലാസം : Sr. Mananger (HR), HLL LIfe Care Limited, Peroorkada Factory, Thiruvananthapuram-5. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ്: www.lifecarehll.com.

സെയിലിൽ 692 ഒഴിവ്

സ്റ്റീൽ അതോറിറ്റി ഒഫ് ഇന്ത്യ ലിമിറ്റഡിൽ ബേൺപൂരിലുള്ള ഐ. ഐ. എസ്.സി.ഒ എസിലെ സ്റ്റീൽ പ്ളാന്റിൽ അറ്റൻഡർ കം ടെക്നീഷ്യൻ ട്രെയിനി, ഓപ്പറേറ്റർ കം ടെക്നീഷൻ ട്രെയിനി തസ്തികകളിലെ 692 ഒഴിവുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ ഒൻപത്. യോഗ്യത, പ്രായപരിധി ചുവടെ.

അറ്റൻഡന്റ് കം ടെക്നിഷ്യൻ ട്രെയിനി : മെട്രിക്കുലേഷൻ/ തത്തുല്യവും ഐ. ടി. ഐയും 28 കവിയരുത്.

ഓപ്പറേറ്റർ കം ടെക്നീഷൻ : എൻജിനിയറിംഗ് ഡിപ്ളോമ(മെറ്റലർജി, കെമിക്കൽ, സെറാമിക്സ്, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ, ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയവ), 28 കവിയരുത്.

2011 ഫെബ്രുവരി ഒന്ന് അടിസ്ഥാനമാക്കി പ്രായം കണക്കാക്കും. ഉയർന്ന പ്രായപരിധിയിൽ പട്ടികവിഭാഗത്തിന് അഞ്ചും ഒ.ബി.സിക്ക് മൂന്നും വികലാംഗർക്ക് പത്തും വർഷം ഇളവ് ലഭിക്കും. വിമുക്തഭടന്മാർക്ക് ഇളവ് ചട്ടപ്രകാരം.

തിരഞ്ഞെടുപ്പ് കൊൽക്കത്ത, ഡൽഹി, നാഗ്പൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടക്കുന്ന ഒബ്ജക്ടീവ് ടൈപ്പ് എഴുത്തുപരീക്ഷ, കൊൽക്കത്തയിൽ നടത്തുന്ന ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

അപേക്ഷാഫീസ് 250 രൂപ. Steel Authority of India Ltd IISCOSteel plant എന്ന പേരിൽ Burnpurൽ മാറാവുന്ന ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത ക്രോസ് ചെയ്ത ഡിമാൻഡ് ഡ്രാഫ്റ്റായി ഫീസടയ്ക്കുക. പട്ടികവിഭാഗക്കാരും വികലാംഗരും തപാൽ ചാർജായി 50 രൂപയുടെ ഡിഡി അയച്ചാൽ മതി. ആക്സിസ് ബാങ്കിന്റെ തിരഞ്ഞെടുത്ത ശാഖകൾ വഴി പേ ഇൻ സ്ളിപ് ഉപയോഗിച്ചും ഫീസ് അടയ്ക്കാം. ഫീസ് അടയ്ക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

അപേക്ഷിക്കേണ്ട വിധം : www.sail.co.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോം ഡൗൺലോഡ് അപേക്ഷിക്കാം. പ്രായം, യോഗ്യത തുടങ്ങി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഫീസടച്ച ഡ്രാഫ്റ്റ്/ പേ ഇൻ സ്ലിപ് എന്നിവ അപേക്ഷയോടൊപ്പം അയയ്ക്കണം.

അപേക്ഷ അയയ്ക്കുന്ന കവറിന്റെ പുറത്ത് Application for the post of Attendant-cum-technician (Trainee) or Operator-cum-echnician (Trainee) in SAIL-ISP എന്നെഴുതുക. അപേക്ഷ സാധാരണ തപാലിൽ അയയ്ക്കുക.

വിലാസം : Post Box No. 10, Post Office: Palam Road, Gurgaon, Pin - 122015.

അപേക്ഷിക്കുന്നതിനുള്ള വിശദവിവരങ്ങൾക്ക് www.sail.co.in എന്ന വെബ്സൈറ്റ് കാണുക.

കോർപ്പറേഷൻ ബാങ്കിൽ 250 ഓഫീസർ

വെബ്സൈറ്റ് : www.corpbank.in
അവസാന തീയതി: ഏപ്രിൽ 8

കോർപ്പറേഷൻ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കാം. 250 ഒഴിവുകളാണുള്ളത്. ഓൺലൈൻ വഴി അപേക്ഷിക്കണം. മാർച്ച് എട്ടുമുതൽ അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ എട്ട്. ഇതുകൂടാതെ ഫയർ ഓഫീസർ,റിസ്ക് മാനേജർ (അസിസ്റ്റന്റ് ജനറൽ മാനേജർ), റിസ്ക് മാനേജർ (സീനിയർ മാനേജർ) എന്നീ തസ്തികകളിലായി അഞ്ചൊഴിവുകളുമുണ്ട്.

പ്രൊബേഷനറി ഓഫീസർ തസ്തിക സംബന്ധിച്ച വിവരങ്ങൾ ചുവടെ.

പോസ്റ്റ് കോഡ് : 01. ഗ്രേഡ് : ജെ. എം.ജി. എസ് – 1. ഒഴിവ് : 250 (ജനറൽ – 125, ഒ.ബി.സി– 67, എസ്.സി – 39, എസ്.ടി – 19, വി. എച്ച് –4, എച്ച്. ഐ – 5, ഒ. എച്ച് – 4).

യോഗ്യത (2011 ജനുവരി 31ന്): കുറഞ്ഞത് 55% മാർക്കോടെ രണ്ടാം ക്ളാസ് ബിരുദം. അല്ലെങ്കിൽ തത്തുല്യയോഗ്യത, പട്ടികവിഭാഗം/വികലാംഗർക്ക് 45% മാർക്ക് മതി.

പ്രായം (2011 ജനുവരി 31ന്) : 20–30. ഉയർന്ന പ്രായത്തിൽ പട്ടികവിഭാഗത്തിന് അഞ്ചും ഒ.ബി.സിക്ക് മൂന്നും വികലാംഗർക്ക് 10 വർഷവും ഇളവ് ലഭിക്കും. വിമുക്തഭടന്മാരുടെ ഇളവ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനം കാണുക.

തിരഞ്ഞെടുപ്പ് : എഴുത്തുപരീക്ഷ, ഇന്റർവ്യൂ അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുപ്പ്. മേയ് 29ന് പരീക്ഷ നടത്തും. കൊച്ചിയിൽ (കോഡ് : 17) പരീക്ഷാകേന്ദ്രമുണ്ട്. മാംഗ്ലൂർ (കോഡ് : 20), ബാംഗ്ളൂർ (കോഡ് 12), മുംബെയ് (കോഡ് : 21), ചെന്നൈ (കോഡ് 14), ന്യൂഡൽഹി (കോഡ് : 15) എന്നിവയും പരീക്ഷാ കേന്ദ്രങ്ങളാണ്. പരീക്ഷയുടെ സിലബസ് സംബന്ധിച്ച വിവരങ്ങൾ വിജ്ഞാപനത്തിൽ ലഭിക്കും.

അപേക്ഷാഫീസ്: 300 രൂപ. പട്ടികവിഭാഗം/ വികലാംഗർക്ക് 50 രൂപ മതി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന പേയ്മെന്റ് ചെലാൻ ഉപയോഗിച്ച് കോർപ്പറേഷൻ ബാങ്കിന്റെ ശാഖകൾ വഴി നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് ഫീസ് അടയ്ക്കണം. മാർച്ച് എട്ടിനുശേഷം മാത്രമേ ഫീസ് സ്വീകരിക്കൂ. ഫീസ് അടയ്ക്കുന്നതു സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

അപേക്ഷിക്കുന്ന വിധം: www.corpbank.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിൽ അപേക്ഷിക്കാം. അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള വ്യവസ്ഥകൾക്ക് അനുസരിച്ചുമാത്രം അപേക്ഷയിൽ ഫോട്ടോ, ഒപ്പ് എന്നിവ സ്കാൻ ചെയ്യുക. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടാം. അപേക്ഷകർക്ക് സ്വന്തമായി ഇ–മെയിൽ വിലാസം വേണം. അപേക്ഷിക്കുന്നതിനു മുൻപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം ശ്രദ്ധിക്കുക.

റെയിൽവേ സുരക്ഷാ സേനയിൽ 11952 കോൺസ്റ്റബിൾ

റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിലും റെയിൽവേ പ്രൊട്ടക്ഷൻ സ്പെഷ്യൽ ഫോഴ്സിലുമായി (RPF/RPSF) കോൺസ്റ്റബിൾ തസ്തികയിലെ 11952 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്ത്രീകൾക്കും അവസരമുണ്ട്. വിവാഹിതർ അപേക്ഷിക്കേണ്ടതില്ല. എംപ്ളോയ്മെന്റ് നോട്ടീസ് നമ്പർ : 01/2011. പരസ്യ തീയതി: 23.02.2011.

ഒഴിവ് : 11952 (എസ്.സി– 1317, എസ്.ടി 1363, ഒബിസി 2371, ജനറൽ 6901). യോഗ്യത : മെട്രിക്കുലേഷൻ/ തത്തുല്യജയം. ശമ്പളം : 5200–20200 + ഗ്രേഡ് പേ രൂ. 2000.

പ്രായം : 18–25. (2011 ജൂലായ് ഒന്ന് അടിസ്ഥാനമാക്കി പ്രായം കണക്കാക്കും). 1986 ജൂലായ് ഒന്നിന് മുൻപും 1993 ജൂലായ് ഒന്നിന് ശേഷവും ജനിച്ചവരാകരുത്. പട്ടികവിഭാഗക്കാർക്ക് അഞ്ചും ഒ.ബി.സിക്കാർക്ക് മൂന്നും വർഷം പ്രായപരിധിയിൽ ഇളവുണ്ട്. വിമുക്തഭടന്മാർക്ക് ഇളവ് ചട്ടപ്രകാരം.

തിരഞ്ഞെടുപ്പ് ശാരീരിക അളവുപരിശോധന, ശാരീരികക്ഷമതാ പരീക്ഷ, എഴുത്തുപരീക്ഷ, വൈവവോസി, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, വൈദ്യ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ.

എൻ.സി.സി– ബി.സി സർട്ടിഫിക്കറ്റ് ഇന്റർ യൂണിവേഴ്സിറ്റി/ ദേശീയ/ രാജ്യാന്തര സ്പോർട്സ് ഇനങ്ങളിൽ യൂണിവേഴ്സിറ്റിയെയോ സംസ്ഥാനത്തെയോ രാജ്യത്തെയോ പ്രതിനിധീകരിച്ചവർക്കും ദേശീയ സ്പോർട്സ് മീറ്റിൽ മെഡൽ നേടിയവർക്കും ബോണസ് മാർക്ക് ലഭിക്കും. കൂടാതെ 179 സെ.മീ. ഉയരമുള്ള പുരുഷന്മാർക്കും 165 സെ.മീ ഉയരമുള്ള സ്ത്രീകൾക്കും ബോണസ് മാർക്ക് ലഭിക്കും.

കണ്ണട ഉപയോഗിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല. കൂട്ടിമുട്ടുന്ന കാൽമുട്ടുകൾ, പരന്ന പാദം. കോങ്കണ്ണ്, വർണാന്ധത, നിശാന്ധത, മറ്റു വൈകല്യങ്ങൾ എന്നിവയുള്ളവരെയും പരിഗണിക്കില്ല.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനമുണ്ടാകും. ഇക്കാലയളവിൽ 5200 രൂപ സ്റ്റൈപ്പൻഡ് ലഭിക്കും. ഗ്രേഡ് പേ 2000 രൂപ.

ഫീസ് : 40 രൂപ. Financial Advisor and Chief Accounts Officer എന്ന പേരിൽ നിർദ്ദിഷ്ട വിലാസങ്ങളിൽ മാറാവുന്ന (വിശദവിവരങ്ങൾ ഇതോടൊപ്പം പട്ടികയിൽ) ക്രോസ് ചെയ്ത ബാങ്ക് ഡ്രാഫ്റ്റായോ പോസ്റ്റൽ ഓർഡറായോ ഫീസടയ്ക്കാം. സ്ത്രീകളും പട്ടികവിഭാഗക്കാരും ന്യൂനപക്ഷ വിഭാഗങ്ങളും (മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, പാഴ്സി), വാർഷിക വരുമാനം 50000 രൂപയിൽ താഴെയുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും വിമുക്തഭടൻമാരും ഫീസടയ്ക്കേണ്ടതില്ല.

അപേക്ഷിക്കേണ്ടവിധം : നിശ്ചിത അപേക്ഷാഫോമിന്റെ ഫോട്ടോ കോപ്പി എ 4 വലിപ്പത്തിലുള്ള ബോണ്ട് പേപ്പറിൽ വലുതാക്കിയെടുത്ത് ഉപയോഗിക്കുക. സ്വന്തം കൈയക്ഷരത്തിൽ (ഇംഗ്ലീഷ്/ ഹിന്ദി) അപേക്ഷ പൂരിപ്പിക്കണം. അപേക്ഷയിൽ നിശ്ചിത വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിക്കണം. സതേൺ റെയിൽവേ നോഡൽ ചീഫ് സെക്യൂരിറ്റി കമ്മിഷണർക്ക് അപേക്ഷ അയയ്ക്കുന്നവർക്ക് മലയാളത്തിലും ചോദ്യപേപ്പർ ലഭിക്കും. അപേക്ഷയിൽ തിരഞ്ഞെടുക്കുന്ന ഭാഷ വ്യക്തമാക്കണം. അപേക്ഷയിൽ പുരുഷന്മാർ ഇടതുകൈയിലെ വിരലടയാളവും സ്ത്രീകൾ വലതുകൈയിലെ വിരലടയാളവും നിർദ്ദിഷ്ട കോളത്തിൽ (LTI of male/RTI of female applican) പതിക്കണം.

അവസാനതീയതി: മാർച്ച് 24
വെബ്സൈറ്റ്: www.indianrailways.gov.in

പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം ഇനി പറയുന്നവ അയയ്ക്കണം. ഫീസ്, വയസ് എന്നിവയിൽ ആനുകൂല്യമുള്ളവർ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ മാതൃകകൾ വെബ്സൈറ്റിൽ ലഭ്യമാണ്.

1. ക്രോസ് ചെയ്ത ഇന്ത്യൻ പോസ്റ്റൽ ഓർഡർ/ ബാങ്ക് ഡ്രാഫ്റ്റിന്റെ അസൽ (ബാധകമെങ്കിൽ).
2. യോഗ്യതയും പ്രായവും തെളിയിക്കുന്നതിന് മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. പട്ടികവിഭാഗം/ ഒ.ബി.സിക്കാർ നിശ്ചിത മാതൃകയിലുള്ള ജാതി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ഒ.ബി.സിക്കാർ നിർദ്ദിഷ്ട മാതൃകയിലുള്ള ഡിക്ളറേഷൻ.
5. അധിവാസ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം).
6. വിമുക്തഭടന്മാർ ബ്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
7. അപേക്ഷയിൽ ഒട്ടിച്ചതിനു പുറമേ 3.5x4.5 സെ.മീ വലിപ്പത്തിലുള്ള ഒരു കളർ ഫോട്ടോ (പിന്നിൽ പേരെഴുതണം. തൊപ്പിയോ സൺ ഗ്ളാസോ ധരിച്ചുള്ളതാവരുത്).
8. സ്വന്തം വിലാസമെഴുതി അഞ്ചു രൂപയുടെ സ്റ്റാമ്പ് പതിച്ച 28.12 cm വലിപ്പമുള്ള രണ്ടു കവറുകൾ.
9. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ ഫീസ് ആനുകൂല്യത്തിന് നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് (മാതൃക വെബ്സൈറ്റിൽ).

അപേക്ഷ അയയ്ക്കുന്ന കവറിനുപുറത്ത് മുകളിലായി Application for the post of constable in RPF including RPSF എന്ന് എഴുതണം. അപേക്ഷ അയയ്ക്കേണ്ട വിലാസങ്ങൾ ഇതോടൊപ്പം പട്ടികയിൽ മലയാളത്തിൽ ചോദ്യം വേണ്ടവർ സതേൺ റെയിൽവേ ചീഫ് കമ്മിഷണറുടെ വിലാസത്തിൽ അപേക്ഷിക്കുക. ഫീസും ബന്ധപ്പെട്ട സതേൺ റെയിൽവേ അധികൃതരുടെ പേർക്ക് അടയ്ക്കുക. സാധാരണ തപാലിൽ മാത്രം അപേക്ഷിക്കുക. വിശദവിവരങ്ങൾ www.indianrailways.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. വെബ്സൈറ്റിലെ വിജ്ഞാപനം മനസ്സിലാക്കിയതിനുശേഷം മാത്രം അപേക്ഷിക്കുക.